# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7492 | 17.7.2012-ൽ മറുപടിയ്ക്ക്

### പച്ചക്കറി ഉല്പാദനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.കെ. ബാലൻ | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം പ്രതിവർഷം എത്ര ടൺ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്; സംസ്ഥാനത്ത് ആവശ്യമുള്ള പച്ചക്കറി പ്രതിവർഷം എത്ര ടൺ ആണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) കേരള സംസ്ഥാനത്തിന്റെ ജനസംഖ്യയും പച്ചക്കറികളുടെ ഉപഭോഗം സംവിധാനവും കണക്കിലെടുത്താൽ പ്രതിവർഷം 28 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ആഭ്യന്തരപച്ചക്കറി ഉൽപ്പാദനം ശരാശരി 8.25 ലക്ഷം ടൺ മാത്രമാണ്. പച്ചക്കറിയുടെ മൊത്തം ആവശ്യകതയുടെ 30 % ത്തിൽ താഴെ മാത്രമാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഉൽപ്പാദനം ശേഷിക്കുന്ന 70 % പച്ചക്കറി ലഭ്യത ഉറപ്പാക്കുന്നതിന് നാം അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. |
| (ബി) | സർക്കാർ പുറമ്പോക്കുകൾ, സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടുകൾ എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) 2012-2013ൽ സംസ്ഥാന കൃഷി വകുപ്പ് 42.5 കോടി രൂപ ചെലവിൽ ബൃഹത്തായ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ പ്രോജക്ട് |

അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളുടെ കോമ്പൗണ്ടുകൾ, സർക്കാർ പുറമ്പോക്കുകൾ / സർക്കാരിതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആവശ്യാധിഷ്ടിതമായി പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നതാണ്.

| | |
|---|---|
| (സി) ഭൂരഹിതരായ കർഷകർക്ക് ഈ സ്ഥലങ്ങളിൽ ഹ്രസ്വകാലത്തേക്ക് പച്ചക്കറി കൃഷിക്കായി സ്ഥലം പാട്ടത്തിന് നൽകുമോ; | (സി) ആർ.കെ.വി.വൈ 2012-13 പദ്ധതിയിൽ കീഴിൽ കരാർ അടിസ്ഥാനത്തിൽ 200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കർഷകനും ഭൂവുടമയ്ക്കും ആനുകൂല്യം നൽകുന്നതാണ്. അതിനായി നടപ്പുവർഷത്തിൽ 300 ലക്ഷം തുക നീക്കിവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ